# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3314 — 21-12-2012-ൽ മറുപടിക്ക്

## കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | ഉത്തരം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) കെട്ടിടം നിർമ്മിക്കുന്നതിന് പാലിക്കേണ്ടതായ നിലവിലുള്ള വ്യവസ്ഥകളിൽ ഏതെല്ലാം ഇളവുകൾ വരുത്താനാണുദ്ദേശിക്കുന്നത്; വിശദമാക്കാമോ;<br><br>(സി) ഫ്ളാറ്റ് നിർമ്മാണ കമ്പനികൾ മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ഏതൊക്കെയാണ് സർക്കാർ പരിഗണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ), (ബി) & (സി) | സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഈ വിഷയം സംബന്ധിച്ച് വിവിധ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തുകയും അതനുസരിച്ച് ചീഫ് ടൗൺ പ്ലാനർ കരട് ചട്ടങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 23-11-2012 ലെ സർക്കാർ ഉത്തരവ് എം.എസ് നമ്പർ 307/2012/തസ്വഭവ വകുപ്പ് പ്രകാരം പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി നഗരകാര്യ, ന്യൂനപക്ഷ ക്ഷേമവകുപ്പ് മന്ത്രി കൺവീനറായും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി, തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി, പൊതുമരാമത്ത് വകുപ്പ് മന്ത്രി, വനം-സ്പോർട്സ്-സിനിമാ വകുപ്പ് മന്ത്രി, എക്സൈസ്- തുറമുഖം-മത്സ്യബന്ധന വകുപ്പ് മന്ത്രി എന്നിവർ അംഗങ്ങളായുള്ള ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ